പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 360 — 07/01/2014- ൽ മറുപടിക്ക്

# വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ചാർജ്ജ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | വിതരണ വിഭാഗത്തിലെ ജോലികളുടെ നിലവിലുള്ള എസ്റ്റിമേറ്റ് തുക PWD ഷെഡ്യൂൾ ഓഫ് റേറ്റ്സ് 2012 അടിസ്ഥാനമാക്കി പുതുക്കി നിശ്ചയിക്കുന്നതിന് കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഇപ്പോൾ പോസ്റ്റില്ലാതെ കണക്ഷൻ ലഭിക്കുന്നതിന് എത്ര രൂപയാണ് മിനിമം അടക്കേണ്ടത്; ഒരു പോസ്റ്റ് അടക്കം കണക്ഷൻ ലഭിക്കുന്നതിന് മിനിമം എന്ത് തുക അടയ്ക്കേണ്ടതുണ്ട് ; പോസ്റ്റുകളുടെ എണ്ണം കൂടുന്നതിനനുസരിച്ചുള്ള തുകകൾ എത്രയാണ് എന്ന് വിശദമാക്കാമോ; | (ബി) | പോസ്റ്റ് ആവശ്യമില്ലാത്ത സിംഗിൾ ഫേസ് കണക്ഷന് 1,850 രൂപയും, 10 KW വരെയുള്ള ത്രീഫേസ് കണക്ഷന് 4,600 രൂപയും, 10 KW മുതൽ 25 KW വരെയുള്ള ത്രീഫേസ് കണക്ഷന് 13,100 രൂപയും, 25 KW മുതൽ 50 KVA യിൽ താഴെയുള്ള കണക്ഷന് 23,000 രൂപയുമാണ് നിലവിൽ ചാർജ്ജ് ചെയ്തു വരുന്നത്.<br>ഒരു പോസ്റ്റ് അടക്കമുള്ള സിംഗിൾ ഫേസ് കണക്ഷന് 8,600 രൂപയും, 2 പോസ്റ്റുകൾ ആവശ്യമുള്ള സിംഗിൾ ഫേസ് കണക്ഷന് 13,150 രൂപയും, 3 പോസ്റ്റുകൾ ആവശ്യമുള്ളതിന് 18,000 രൂപയും 4 പോസ്റ്റുകൾ ആവശ്യമായി വരുന്ന സിംഗിൾ ഫേസ് കണക്ഷന് 23,050 രൂപയുമാണ് നിലവിൽ ചാർജ്ജു |

ചെയ്തുവരുന്നത്.

ഒരു പോസ്റ്റ് ആവശ്യമായി വരുന്ന ത്രീഫേസ് കണക്ഷനുകൾക്ക് 18,150 രൂപയും, രണ്ട് പോസ്റ്റ് ആവശ്യമായി വരുന്ന ത്രീഫേസ് കണക്ഷനുകൾക്ക് 29,300 രൂപയും, മൂന്നു പോസ്റ്റുകൾ ആവശ്യമായി വരുന്ന കണക്ഷനുകൾക്ക് 42,000 രൂപയും, നാല് പോസ്റ്റുകൾ ആവശ്യമായി വരുന്ന ത്രീഫേസ് കണക്ഷനുകൾക്ക് 54,800 രൂപയുമാണ് ഇപ്പോൾ ചാർജ്ജ് ചെയ്ത് വരുന്നത്.

(സി) കോഷൻ ഡെപ്പോസിറ്റ് മാത്രം അടച്ച് പോസ്റ്റിന്റെ പൈസ അടക്കാതെ കണക്ഷൻ ലഭിക്കുന്ന സമ്പ്രദായം ഇപ്പോൾ നിലവി ലുണ്ടോ; ഇല്ലെങ്കിൽ എന്നുമുതലാണ് ആയത് നിർത്തലാക്കിയത്;

(സി) കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശപ്രകാരം 28.10.2011 ലെ ബോർഡ് ഉത്തരവനുസരിച്ച് പോസ്റ്റ് ആവശ്യമുള്ള അപേക്ഷകർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്ന സമ്പ്ര ദായം നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അപേക്ഷകർക്ക് കേന്ദ്രാ വിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾ പ്പെടുത്തി ഗ്രാമപ്രദേശങ്ങളിൽ ഗാർ ഹിക വൈദ്യുതി കണക്ഷനുകൾ പോസ്റ്റിന്റെ വില ഈടാക്കാതെ തന്നെ നൽകുന്ന തിനുള്ള ലൈൻ നീട്ടൽ പ്രവർത്തികൾ വൈദ്യുതി ബോർഡ് ചെയ്തു വരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ബി.പി.എൽ കുടുംബ ങ്ങൾക്കും കണക്ടഡ് ലോഡ് പരിധിയില്ലാതെ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുന്നുണ്ട്. പ്രസ്തുത ലൈനുകളിൽ നിന്നും എ.പി. എൽ വിഭാഗക്കാർക്ക് വെതർ പ്രൂഫ് വിഭാഗത്തിൽ എസ്റ്റിമേറ്റ് തുകയായ 1,750 രൂപ അടയ്ക്കുന്ന മുറയ്ക്ക് പോസ്റ്റിന്റെ വില ഈടാക്കാതെ വൈദ്യുതി കണക്ഷനുകൾ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ